# ഒരവസരം തരണം സാർ

**ഫാദർജി**

(കോടതി മുറി)

–കോടതിയിൽ സത്യം മാത്രമേ പറയാവൂ– ജഡ്ജി.

അത് ബുദ്ധിമുട്ടാണ് സാർ– കള്ളൻ.

– ബുദ്ധിമുട്ടോ, അതെന്താ?

നമ്മള് കള്ളൻ. നമ്മടെ പണിക്ക് നേരുപറയാൻ പ്പറ്റില്ല സാർ

–രാഷ്ട്രിയക്കാരും മതനേതക്കാൻമാരും ഇവിടെ സതപ്രതിജ്ഞ ചെയ്യാറുണ്ടല്ലോ?

അവരുടെ മുമ്പിൽ നമ്മളാരുസാറെ, വെറും ശിശു.

– മുപ്പത്തിയാറുമോഷണക്കേസുകളാണ് തന്റെ പേരിലുള്ളത്. കുറ്റം സമ്മതിക്കുന്നുണ്ടോ?

മുപ്പത്തിയാറൊന്നുമല്ല സാറെ, ഇക്കൊല്ലം തന്നെ പത്തുമുന്നൂറ്റമ്പതുവരും. നമ്മളതിന്റെ കണക്കൊന്നും സൂക്ഷിക്കാറില്ല, നമുക്കതിന്റെ വല്ല്യഭാവോല്ല്യാ.

– കുറ്റബോധമുണ്ടോ?

ചേയ്!

– അതെന്താ?

നമ്മള് കള്ളനായിട്ട് പെറന്നു, നമുക്കറിയാവുന്ന പണി ചെയ്യുന്നു. അതിലിപ്പോ എന്തിന് കുറ്റബോധം സാറെ. നമുക്കുചെയ്യാവുന്ന സഹായങ്ങളൊക്കെ ചെയ്തു ജിവിച്ചു പോണു.

– മോഷണം നിയവിരുദ്ധമാണെന്നു നിനക്കറിയാമോ?

ശരി. മോഷ്ടീര് നിർത്താം സാറ് ചെലവിനുതരോ? പിന്നെ സാറിന്റെ 'നീ' എന്ന വിളി നിർത്തണം. നമ്മൾ രണ്ടുപേരും ഇന്ത്യൻ പൗരൻമാര്, നമുക്കുരണ്ടുപേർക്കും വോട്ട് ഒരോന്ന്. സാദ്തത്ത്വം പറഞ്ഞ് ജീവിക്കണ്, നമ്മൾ കള്ളൻമാര് തട്ടുപൊളിച്ചു പെഴക്കണ്. സാറേന്ന് വിളിക്കണവനെ തിരിച്ചു സാറെന്നു വിളിക്കാനൊള്ള വെവരം പോലും സാറിനില്ലെ?

– സമൂഹത്തിൽ എന്തു സഹായം ചെയ്യുന്നെന്നാ പറഞ്ഞത്?

വളവും പൊളവുമുള്ള ഞങ്ങളില്ലെങ്കിൽ വകുപ്പും ന്യായവും പറയാൻ സാറിനെപ്പോലുള്ളവർക്ക് കസേര കിട്ടോ? എത്രയോ പോലീസുകാർ ഞങ്ങൾ മൂലം കഞ്ഞി കുടിച്ചു കഴിയുന്നു സാർ? ഞങ്ങൾ തൊണ്ടി തൊട്ടുകാണിച്ചതുകൊണ്ടല്ലെ കാക്കിക്കാരു കേസു തെളിയിക്കുന്നത്? അല്ലെങ്കിൽ, ദേ, ഞൊട്ടും.

– ഓഹോ, ഇതൊക്കെയാണോ ഉപകാരങ്ങൾ?

ഇനിംണ്ട്. കള്ളനെ പേടിച്ചല്ലെ ആളുകള് പണം ബാങ്കിലിടുന്നത്. അതൊരു വലിയ വ്യവസായമാവില്ലെ? സ്വന്തം സാധനങ്ങൾ പൂട്ടിസൂക്ഷിക്കുന്ന സ്വഭാവം കള്ളനെ പേടിച്ചുണ്ടായതല്ലെ? വെറും കൊല്ലപ്പണിക്കാർ മുതൽ ഗോദ്റേജ്കമ്പനി വരെ പൂട്ടും താഴും വിറ്റ് ജീവിക്കണില്ലെ? ഞങ്ങൾ കള്ളൻ മാരുടെ ജീവിതം കഥയും കവിതയും സിനിമയുമാക്കി എത്രയോ പേര് ജീവിച്ച് പോകുന്നു. കുത്തക മൊതലാളിമാരുടെ പണപ്പെട്ടിക്ക് തൊരങ്കംവയ്ക്കുന്ന കള്ളൻ പക്കാ സോഷ്യലിസ്റ്റല്ലെ സാർ? നമ്മടെ പാക്കറ്റടിച്ചല്ലെ സാറെ നേതാക്കൻമാരും കാക്കിസാറൻമാരും വെലസണത്? എന്നിട്ടും കള്ളന് റിട്ടയർമെന്റോ, പെൻഷനോ, റിസ്ക്ക് അലവൻസോ ഉണ്ടോ? രാജ്യം കട്ടുമുടിച്ചവർക്കും ലാപായന്റ് പറഞ്ഞ് വാചകമടിച്ച് തുട്ടുവാങ്ങുന്ന സാറിനെപ്പോലുള്ളവർക്കും എന്താസെറ്റപ്പ്?

– ആരാണ് നിന്നെ കള്ളനാക്കിയത്?

ന്റെ തൊലഞ്ഞ ജീവിതം. അമ്മേനെ തല്ലുന്ന അപ്പൻ. അംഗവൈകല്ല്യമുള്ള പെങ്ങൾ, അത്താഴം വിളമ്പാത്ത രാത്രികൾ, നേരം വെളുത്താൽ വിശപ്പിനു വല്ലതും കിട്ടുമെന്നാശിച്ചുറങ്ങിയ രാത്രികൾ, ഒന്നും കിട്ടാത്ത പകലുകൾ. ഇല്ലായ്മയുടെ മുമ്പിൽ നിന്നു പിഴയ്ക്കുവാൻ വഴിയൊന്നേ കണ്ടുള്ളു. ഇന്നും വഴിയതുതന്നെ. നിങ്ങളൊക്കെകൂടി കള്ളക്കളി നടത്തി കളത്തിനു പുറത്താക്കിയ ഞങ്ങൾക്ക് പിന്നെന്തു വഴിയെന്റ് സാറെ!

– ദാരിദ്ര്യം കഠിനാദ്ധ്വാനത്തിനും പഠനത്തിനും ജീവിത വിജയത്തിനുമായി പ്രയോജനപ്പെടുത്തിയവരുണ്ടല്ലോ?

അവരൊക്കെ തലയ്ക്കകത്ത് എന്തെങ്കിലുമുള്ള പാർട്ടീസ്. നമ്മള് വഴീല് വീണ പതിര്.

– മതരാഷ്ട്രീയ നേതാക്കന്മാർ പകലും നിങ്ങൾ രാത്രീം കട്ടുമുടിച്ച് ദൈവത്തിന്റെ സ്വന്തം നാട് നശിച്ചല്ലോ?

ഞങ്ങൾ കള്ളന്മാർക്ക് ഒരവസരം തരണം സാർ. നാട് കണ്ടീഷനാക്കിത്തരാം.

– എങ്ങിനെ?

പ്രധാന മന്ത്രീടെ കസേര ഒരു വർഷത്തേക്ക് നമുക്ക് തന്നാൽ നമ്മുടെ നാട് കണ്ടീഷൻ മാവേലിനാടാക്കിത്തരാം.

– എങ്ങിനെയെന്ന്?

തലയ്ക്കു നട്ടപ്രെ ഒരു അടിയന്തരാവസ്ഥ പ്രഖ്യാപിക്കും. എല്ലാ കള്ളന്മാർക്കും മോഷണലൈസൻസ് നിർബന്ധമാക്കും. മോഷ്ടിക്കാവുന്ന തുകയ്ക്ക് പരിധിയും ടാക്സും നിർബന്ധമാക്കും. കാളിംഗ് ബെല്ലടിച്ച് ലൈസൻസ് കാണിച്ച് കള്ളന്മാർക്ക് മനസമാധാനത്തോടെ മോഷ്ടിക്കാം. താഴുപൊളിക്കൽ, ദേഹോപദ്രവമൊക്കെ ഒഴിവാക്കാം. ദാരിദ്ര്യരേഖയ്ക്കു താഴെ ഉള്ളവർ, വിധവമാർ, വൃദ്ധർ, ചിക്കൻഗുനിയ ബാധിതർ തുടങ്ങിയവരെ മോഷണത്തിൽ നിന്ന് ഒഴിവാക്കും. മോഷണം നടന്ന് 24 മണിക്കൂറിനകം തൊട്ടടുത്ത പോലീസ് സ്റ്റേഷനിൽ റിപ്പോർട്ട് ചെയ്തിരിക്കണം. ലൈസൻസില്ലാതെ പകൽ കൊള്ള നടത്തുന്ന മതരാഷ്ട്രീയ പെരുകള്ളന്മാരെ ലൈസൻസിന്റെ പരിധിയിൽ നിർബന്ധമായും കൊണ്ടുവരും. ലക്ഷണമൊത്ത കള്ളന്മാർ അവരെ നിരീക്ഷിക്കുന്നതായിരിക്കും. പഠിച്ച കള്ളന്മാരെ ക്രൈംബ്രാഞ്ചിൽ എസ്സൈ, ഡി. വൈ. എസ്. പി. തസ്തികകളിൽ നിയമിച്ച് കുറ്റാന്വേഷണം ചെലവുകുറഞ്ഞതും കാര്യക്ഷമവുമാക്കും. നമ്മുടെ നാടിനെ പാര വയ്ക്കുന്ന ഭീകരന്മാരെ നേരിടാൻ വില്ലാദി വില്ലന്മാരായ കള്ളന്മാരെ അതിർത്തികളിൽ കൂത്താടാൻ ജയിലുകളിൽ നിന്നും തുറന്നുവിടും. നമ്മുടെ അഭിമാനഭാജനങ്ങളായ കള്ളന്മാർ ഭീകരന്റെ ലിവറും പറിച്ചോണ്ടുവരും.

– തീർന്നോ?

എവിടെ തീരാൻ. കരിഞ്ചന്തക്കാർ, പൂഴ്ത്തിവയ്പുകാർ തുടങ്ങിയവരുടെ ഗുദാമുകൾ കൊള്ളയടിക്കും. കുറ്റവാസനയുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം കൊടുത്ത് കുറ്റാന്വേഷണ വിദഗ്ദ്ധരാക്കും. എല്ലാ ദേവാലയങ്ങളുടെയും ഭണ്ഢാരത്തിന്റെ കാവൽ ലൈസൻസുള്ള കള്ളന്മാരെ ഏല്പിക്കും. ഭണ്ഡാര വരുമാനത്തിന്റെ ഒരോഹരി ശമ്പളമായി നൽകും. ഭണ്ഡാരത്തിൽ കൈയ്യിട്ടു വാരുന്ന കൈക്കാരന്മാരെ കൈയ്യോടെ പിടിച്ച് കൈകാര്യം ചെയ്യും. കോടതി പറഞ്ഞിട്ടും ബന്ധും ഹർത്താലും നിർത്തുന്നില്ലല്ലോ? ഞങ്ങളു നിർത്തും സാറെ

– അതെങ്ങനെ?

ബന്തൊന്നുക്ക് 60 കോടിയും ഹർത്താലൊന്നുക്ക് 30 കോടിയും പ്രഖ്യാപിക്കുന്ന കക്ഷി ഒരാഴ്ച മുമ്പ് ഖജനാവിൽ കെട്ടി വച്ച് രസീത് വാങ്ങണം. അങ്ങനെ ഓരോ ബന്തും കേരളത്തിന്റെ കമ്മി നികത്തും. ഏതെങ്കിലും രാഷ്ട്രീയ കക്ഷി കെട്ടി വയ്ക്കാൻ വിസമ്മതിച്ചാൽ കള്ളന്മാരെ വിട്ട് രാഷ്ട്രീയ നേതാക്കന്മാരുടെ വീടിന് തുരങ്കം വച്ച് വസൂലാക്കും. ഒരവസരം തരണം സാർ.

– ഒരു കള്ളനായി ജനിച്ചുപോയതിൽ വിഷമമുണ്ടോ?

ചേയ്! ഒരുപാട് അച്ചന്മാരും തിരുമേനിമാരും പള്ളിപ്രമാണികളുമുണ്ടായിട്ടും കർത്താവിനോടൊപ്പം തൂങ്ങാൻ രണ്ടു കള്ളന്മാരല്ലേ സാറെ ഉണ്ടായുള്ളൂ? അതൊരു ഭാഗ്യമല്ലെ സാർ?